**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 812** **31-01-2024 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ നിയോജക മണ്ഡലത്തിൽ സേഫ് പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സേഫ് പദ്ധതിയുടെ ഭാഗമായി ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ നാളിതുവരെ ലഭ്യമായിട്ടുണ്ട്; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ 674 അപേക്ഷകളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ 8 അപേക്ഷകളും നാളിതുവരെ ലഭ്യമായിട്ടുണ്ട്. |
| (ബി) | ഈ സാമ്പത്തിക വർഷം എത്ര പേർക്ക് ആനുകൂല്യം ലഭ്യമാക്കുവാൻ സാധിക്കും; വിശദമാക്കാമോ; | (ബി) | 2023-24 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 37 പേർക്കും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 8 പേർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വരും വർഷങ്ങളിൽ അവശേഷിക്കുന്ന അപേക്ഷകൾ കൂടി പരിഗണിക്കുന്നതാണ്. |
| (സി) | നിലവിൽ പ്രസ്തുത ആനുകൂല്യത്തിന് അർഹത ലഭിച്ചവർക്ക് എത്ര ഗഡു ധനസഹായം ലഭ്യമാക്കിയിട്ടുണ്ടെന്നും ഇതിനായി ചെലവാക്കിയ തുക എത്രയെന്നും വിശദമാക്കാമോ? | (സി) | 2022-23 സാമ്പത്തിക വർഷം ഒന്നാം ഗഡുവായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട 31 പേർക്ക് 15,50,000/- രൂപയും, 27 പേർക്ക് രണ്ടാം ഗഡുവായി 27,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിൽ സ്പിൽ ഓവറായി 2023-24 സാമ്പത്തിക വർഷം രണ്ടാം ഗഡുവായി 4 പേർക്ക് 4,00,000/ രൂപയും അവസാന ഗഡുവായി 3 പേർക്ക് 1,50,000/- രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>2023-24 സാമ്പത്തിക വർഷത്തെ പുതിയ ടാർജറ്റ് പ്രകാരം 30 പേർക്ക് ഒന്നാം ഗഡുവായി 15,00,000/- രൂപ അനുവദിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 8 പേർക്ക് ഒന്നാം ഗഡുവായി 50,000/-രൂപ വീതം ആകെ 4,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ